(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം എന്നും ഏത് നിർമ്മാണ ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2013-14 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് അതിന്റെ സംയുക്ത പ്രോജക്ടായി 9.5 ലക്ഷം രൂപയുടെ വറ്റല്ലൂർ താഴെക്കുളമ്പ് കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഗുണഭോക്തൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്കായി ഗുണഭോക്തൃസമിതി കൺവീനറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

## കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ള ചെറുകിട വ്യവസായങ്ങൾക്കുള്ള ലൈസൻസ്

268 (1742) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കാത്തതും പരിസര മലിനീകരണമുണ്ടാക്കാത്തതും കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ളതുമായ ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി വിഭാഗങ്ങളുടെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്ത വിധം കൃഷി അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉദാരമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപ്രദേശങ്ങളിൽ വ്യാപാരം, വ്യവസായം, കച്ചവടം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ്. ഇതിൽ ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിന് മുമ്പ് ആരോഗ്യ വകുപ്പിന് റഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ജലത്തിന്റെയും അമ്ലങ്ങളുടെയും ക്ഷാരങ്ങളുടെയും ഹീറ്റ് ട്രീറ്റ്മെന്റിന്റെയും ഉപയോഗം അന്തർഭവിച്ചിട്ടുള്ളതായ വിഷയങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ആവശ്യമാണ്.

മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233-ാം വകുപ്പിന്റെ ബി (എച്ച്) ഉപവകുപ്പിൽ ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കാർഷിക ആവശ്യത്തിന് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടും അല്ലാതെയും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള ഉൽപ്പാദന യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 231 (ബി) വകുപ്പിന്റെ (ബി) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് നിലവിൽ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ല [കേരള പഞ്ചായത്ത് രാജ് ആക്ട് 233 ബി (എച്ച്)].

## വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം

269 (1743) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങൂർ ഗവ.ഐ.ടി.ഐ.യ്ക്ക് ഗ്രാമപഞ്ചായത്തു വക സ്ഥലം വിട്ടു നൽകണമെന്ന ആവശ്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ ആർ.സി.4/508 നമ്പർ ഫയൽ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തദ്ദേശ ഭരണ കമ്മീഷന്റെ അനുവാദം കിട്ടിയിട്ടും ഉത്തരവ് ഇറങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly